ശുചിമുറിയിൽ പോയ സമയത്ത് രണ്ടു പേർ ഷാഫിക്ക് ഹെറോയിൻ കൈമാറിയതായാണ് പൊലീസിന്റെ നിഗമനം. കോടതി പരിസരത്തെ സിസിടിവി ദൃശ്യങ്ങൾ അടക്കം പൊലീസ് പരിശോധിക്കുന്നുണ്ട്. ഇലന്തൂർ നരബലി കേസിലെ പ്രധാന പ്രതിയാണ് പെരുമ്പാവൂർ വെങ്ങോല സ്വദേശി മുഹമ്മദ് ഷാഫി. കടവന്ത്രയിൽ താമസിച്ചിരുന്ന ലോട്ടറി വിൽപ്പനക്കാരിയായിരുന്ന പദ്മത്തെ ഷാഫിയാണ് വാഹനത്തിൽ കയറ്റി ഇലന്തൂരിലേക്ക് കൊണ്ടുപോയത്. ആലപ്പുഴ സ്വദേശിനി റോസ്ലിനെ കൊലപ്പെടുത്തി കേസിലെ വിചാരണയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ലഹരി ഉപയോഗം അധ്യാപകരെ അറിയിച്ച വിദ്യാർഥിയുടെ ജനനേന്ദ്രിയം ചവിട്ടിത്തകർത്തു

തൊടുപുഴ: ഹോസ്റ്റലിലെ കഞ്ചാവ് ഉപയോഗം അധ്യാപകരെ അറിയിച്ച വിദ്യാർഥിക്ക് സഹപാഠികളുടെ അതിക്രൂര മർദനം. ക്രൂരമായ ആക്രമണത്തിൽ ജനനേന്ദ്രിയത്തിന് സാരമായി പരിക്കേറ്റ ഇടുക്കി അണക്കര സ്വദേശിയായ പത്തൊൻപതുകാരന്റെ വലത് വൃഷണം അടിയന്തര ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു. വിദ്യാർഥി കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

തൊടുപുഴ-മൂവാറ്റുപുഴ റോഡിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനത്തിൽ മൊബൈൽ ഫോൺ, ലാപ്ടോപ്പ് സർവീസിങ് കോഴ്സിന് പഠിക്കുന്ന വിദ്യാർഥിയാണ് ആക്രമണത്തിന് ഇരയായത്. പ്രദേശത്തെ ഒരു വാടകവീട്ടിലാണ് വിദ്യാർഥികൾ ഒരുമിച്ച് താമസിച്ചിരുന്നത്. ഇവിടെ താമസിക്കുന്ന ചില വിദ്യാർഥികൾ മുറികളിൽ സ്ഥിരമായി കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നത് അണക്കര സ്വദേശിയായ വിദ്യാർഥി കാണുകയും, ഇക്കാര്യം മറ്റ് സുഹൃത്തുക്കളെയും സ്ഥാപനത്തിലെ അധ്യാപകരെയും അറിയിക്കുകയും ചെയ്തു.

വിവരം അധ്യാപകരെ അറിയിച്ചതിലുള്ള പ്രതികാരമായി പ്രതികൾ വിദ്യാർഥിയുടെ മുറിയിൽ അതിക്രമിച്ചു കയറുകയായിരുന്നു. തുടർന്ന് വിദ്യാർഥിയെ താഴെ വീഴ്ത്തി നെഞ്ചിലും ജനനേന്ദ്രിയത്തിലും തുടർച്ചയായി ചവിട്ടുകയും അതിക്രൂരമായി മർദ്ദിക്കുകയുമായിരുന്നു. അടിയേറ്റ ഭാഗത്ത് ആന്തരിക രക്തസ്രാവവും കടുത്ത പരിക്കുമുണ്ടായതിനെ തുടർന്ന് വിദ്യാർഥിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പരിശോധനയിൽ വലത് വൃഷണത്തിന് ഗുരുതരമായ തകരാറ് സംഭവിച്ചതായി കണ്ടെത്തിയതിനെ തുടർന്നാണ് ഡോക്ടർമാർ ശസ്ത്രക്രിയ നടത്തി നീക്കം ചെയ്തത്.സംഭവത്തിൽ തൊടുപുഴ പൊലീസ് ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി കേസെടുത്തു.


പറവൂർ സഹകരണ ബാങ്കിൽ ഓണം സഹകരണ വിപണി പറവൂർ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ വി എം ശശി വിതരണം ഉദ്ഘാടനം ചെയ്യുന്നു.

ഓണം സഹകരണ വിപണി തുടങ്ങി

പറവൂർ:പറവൂർ സഹകരണ ബാങ്കിൽ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ ഓണം സഹകരണ വിപണിക്കു തുടക്കമായി. പറവൂർ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ വി എം ശശി വിതരണം ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡന്റ് എൻ എസ് സുനിൽകുമാർ അധ്യക്ഷനായി.എസ് ശ്രീകുമാരി, ഡൈന്യൂസ് തോമസ്, കെ സുധാകരൻ പിള്ള, കെ വി ജിനൻ, രഞ്ജിത്ത് എ നായർ എന്നിവർ സംസാരിച്ചു.

വിദ്യാർഥിനിയെ വഞ്ചിച്ച എഡ്യൂക്കേഷണൽ സ്ഥാപന ഉടമകൾക്കെതിരേ കേസ്

തൃക്കാക്കര : പാര മെഡിക്കൽ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിനിയെ വഞ്ചിച്ച് പണം തട്ടുകയും തെറ്റായ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്ത സംഭവത്തിൽ സ്ഥാപന ഉടമകൾക്കെതിരെ ഇൻഫോപാർക്ക് പോലീസ് കേസെടുത്തു. കാക്കനാട് ഇൻഫോപാർക്ക് റോഡിൽ കുഴിക്കാട്ടുമൂല അച്ചൂസ് ടവറിൽ പ്രവർത്തിക്കുന്ന 'വിശ്വവിദ്യാപീഡ് ഹോം എജ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്' മാനേജിംഗ് ഡയറക്ടർ അജാസ് മുഹമ്മദ് , അലീഷ എന്നിവർക്കെതിരെയാണ് കേസ്.

മൂവാറ്റുപുഴ സ്വദേശി അലീന ജോസ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് നടപടി. സമൂഹ മാധ്യമങ്ങളിലെ പരസ്യം കണ്ടാണ് അലീന സ്ഥാപനത്തിൽ 'ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി & അനസ്തേഷ്യ ടെക്നോളജി' കോഴ്സിന് പ്രവേശനം നേടിയത്. രണ്ട് വർഷത്തെ ഡിപ്ലോമ പൂർത്തിയാക്കിയ ശേഷം അർഹമായ സർട്ടിഫിക്കറ്റ് നൽകാമെന്ന് വിശ്വസിപ്പിച്ച് 20 തവണകളായി 1,20,000 രൂപ ഇവർ കോഴ്സ് ഫീസായി കൈപ്പറ്റി. 2024 സെപ്റ്റംബർ 2 മുതൽ 2026 ജൂലൈ 29 വരെയുള്ള കാലയളവിലായിരുന്നു പഠനം. എന്നാൽ കോഴ്സ് പൂർത്തിയായപ്പോൾ വാഗ്ദാനം ചെയ്ത 'ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ' സർട്ടിഫിക്കറ്റിന് പകരം 'ഓപ്പറേഷൻ തിയേറ്റർ അസിസ്റ്റന്റ്' സർട്ടിഫിക്കറ്റാണ് നൽകിയതെന്ന് പരാതിക്കാരി ആരോപിക്കുന്നു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു

ട്രെയ്ൻ തട്ടി ഒന്നര വയസുകാരൻ മരിച്ച സംഭവത്തിൽ അസ്വാഭാവികത ഇല്ലെന്ന് പൊലീസ്

ആലപ്പുഴ: അമ്പലപ്പുഴയിൽ ട്രെയ്ൻ തട്ടി ഒന്നര വയസ്സുകാരൻ മരിച്ച സംഭവത്തിൽ മറ്റ് അസ്വാഭാവികതകൾ ഇല്ലെന്ന നിഗമനത്തിൽ പൊലീസ്. ട്രെയിനിന്റെ ലോക്കോ പൈലറ്റിന്റെ മൊഴി പൊലീസ് രേഖപ്പെടുത്തി. കുട്ടി താഴെനിന്ന് റെയിൽവേ ട്രാക്കിലേക്ക് ഓടിക്കയറുന്നത് കണ്ടെന്നാണ് ലോക്കോ പൈലറ്റിന്റെ മൊഴി. കുട്ടി കയറുന്നത് കണ്ട് ട്രെയിനിന്റെ വേഗത കുറയ്ക്കാൻ ലോക്കോ പൈലറ്റ് ശ്രമിച്ചിരുന്നതായി പൊലീസ് പറയുന്നു. മൊഴിയുടെ അടിസ്ഥാനത്തിൽ സംശയിക്കത്തക്കതായ മറ്റ് സാഹചര്യങ്ങൾ നിലവിലില്ലെന്ന നിഗമനത്തിലാണ് അമ്പലപ്പുഴ പൊലീസ്. കുട്ടി റെയിൽവേ ട്രാക്കിലേക്ക് കയറിയതിൽ നാട്ടുകാർ അസ്വാഭാവികത സംശയിച്ചിരുന്നു. എന്നാൽ ലോക്കോ പൈലറ്റിന്റെ മൊഴിയോടെ ദുരൂഹത നീങ്ങുകയാണ്.

ഇടുക്കിയിൽ വീണ്ടും ലഹരിക്കടിമയായ മകൻ അമ്മയെ കൊലപ്പെടുത്തി

ഇടുക്കി: തൊടുപുഴയിൽ അമ്മയെ മകൻ തലയ്ക്കടിച്ച് കൊലപ്പെടുത്തി. ഇടവെട്ടി മൈലാടുംപാറ വളപ്പിൽ റേച്ചൽ ജോസഫാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ മകൻ ലിജോയെ പൊലീസ് പിടികൂടി. മകൻ ലഹരിക്ക്ക്കടിമയെന്ന് പൊലീസ്. കഴിഞ്ഞ ദിവസം എഴുകുംവയലിൽ മാതാപിതാക്കളെ മകൻ കൊലപ്പെടുത്തിയതിന്റെ ഞെട്ടൽ വിട്ടുമാറും മുമ്പാണ് ജില്ലയിൽ വീണ്ടും അരും കൊല.റേച്ചലിന്റെ ഏക മകനാണ് ലിജോ.

ഓഗസ്റ്റ് 18 വൈകീട്ടോടെയാണ് അമ്മയെ മകൻ തലയ്ക്കടിച്ച് കൊലപ്പെടുത്തിയത്. സംഭവശേഷം ഓടി രക്ഷപ്പെട്ട പ്രതി ലിജോയെ തൊടുപുഴ പൊലീസ് മണിക്കൂറുകൾക്കകം പിടികൂടി. പ്രതി ലഹരിക്കടിമയാണെന്ന് പൊലീസ് പറഞ്ഞു. വീടിന്റെ പിന്നാമ്പുറത്താണ് തല പൊട്ടി ചോരവാർന്നൊലിക്കുന്ന നിലയിൽ റേച്ചലിന്റെ മൃതദേഹം കണ്ടെത്തിയത്. സമീപവാസികൾ വിവരം അറിയിച്ചതിനെ തുടർന്ന് പോലീസ് സ്ഥലത്തെത്തി.കസ്റ്റഡിയിലെടുത്ത ലിജോയെ ചോദ്യം ചെയ്തു വരികയാണെന്ന് പൊലീസ് പറഞ്ഞു.കൊലപാതകത്തിനിടയായ കാരണം എന്തെന്ന് കണ്ടെത്തേണ്ടതുണ്ട്. ഇടക്ക് വീട്ടിൽ അമ്മയും മകനും ബഹളം ഉണ്ടാക്കുന്നതായും നാട്ടുകാർ പറയുന്നുണ്ട്. ലിജോയ്ക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതായും സംശയമുണ്ട്.

എയർ പോർട്ടുകളിൽ അനധികൃത ടാക്സികൾക്കെതിരേ എൻഫോഴ്സ്മെന്റ് സ്ക്വാഡ്

കൊച്ചി : ട്രാൻസ്പോർട്ട് കമ്മീഷണർ നാഗരാജു ചക്കിലത്തിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് മധ്യമേഖല (2) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സജി പ്രസാദിന്റെ നേതൃത്വത്തിൽ നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് അനധികൃത ടാക്സികൾക്കെതിരെ കർശന നടപടി സ്വീകരിച്ചു. നിരവധി പരാതികൾ ലഭിച്ചതിനെ തുടർന്നാണ് നടപടി.

എറണാകുളം ആർ.ടി.ഒ യുടെ (എൻഫോഴ്സസ്മെന്റ്) നേതൃത്വത്തിൽ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട് അനധികൃത ടാക്സി സർവീസുകൾക്കെതിരെ പ്രത്യേക പരിശോധനാ ഡ്രൈവ് നടത്തി. അങ്കമാലി, ആലുവ, പെരുമ്പാവൂർ, കാലടി എന്നീ മേഖലകൾ കേന്ദ്രീകരിച്ച് നാല് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളായി തിരിഞ്ഞാണ് വ്യാപക വാഹന പരിശോധന നടത്തിയത്. വിമാനത്താവളത്തിലേക്കും തിരിച്ചും പെർമിറ്റ് ഇല്ലാതെ അനധികൃതമായി വാടക സർവീസ് നടത്തുന്ന വാഹനങ്ങളെയും മറ്റ് ഗതാഗത നിയമലംഘനങ്ങളെയും ലക്ഷ്യമിട്ടായിരുന്നു പരിശോധന.

അനധികൃത ടാക്സി സർവീസ്, വാഹനങ്ങളിൽ അനധികൃത രൂപ മാറ്റങ്ങൾ, നികുതി അടയ്ക്കാതെയുള്ള സർവീസ്, ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങൾ, രജിസ്ട്രേഷൻ സംബന്ധമായ ലംഘനങ്ങൾ, സൈഡ് നമ്പർ പ്രദർശിപ്പിക്കാത്തത്, ഹെൽമറ്റ് ധരിക്കാതെയുള്ള യാത്ര എന്നിവ ഉൾപ്പെടെ ആകെ 68 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതിൽ നിരവധി അനധികൃത ടാക്സി വാഹനങ്ങൾക്കെതിരെ പ്രത്യേകമായി ചലാൻ തയ്യാറാക്കി നിയമനടപടികൾ സ്വീകരിച്ചു. പ്രത്യേക ഡ്രൈവിന്റെ ഭാഗമായി വിവിധ നിയമലംഘനങ്ങൾക്കായി ആകെ 1,47,000 കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി.

വിമാനത്താവളവുമായി ബന്ധപ്പെട്ട അനധികൃത ടാക്സി പ്രവർത്തനങ്ങൾ പൂർണമായും തടയുന്നതിനും യാത്രക്കാരുടെ സുരക്ഷയും നിയമാനുസൃത പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുമായി പ്രത്യേക പരിശോധനകൾ തുടർന്നും കർശനമായി നടത്തുമെന്ന് എറണാകുളം ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്) ബിജു ഐസക് അറിയിച്ചു.

കൊടിമര ജാഥയ്ക്ക് സ്വീകരണം

മുവാറ്റുപുഴ :ഡിവൈഎഫ്ഐ പതിനാറാമത് സംസ്ഥാന സമ്മേളനത്തിൻ്റെ ഭാഗമായി ചിന്താ ജെറോം ക്യാപ്റ്റനായ കൊടിമര ജാഥയ്ക്ക് മൂവാറ്റുപുഴയിൽ സ്വീകരണം നൽകി. ബ്ലോക്ക് പ്രസിഡൻ്റ് അഖിൽ പ്രകാശ് അധ്യക്ഷനായി. നേതാക്കളായ ഷിജു ഖാൻ, മനീഷ രാധാകൃഷ്ണൻ, ചിഞ്ചു ബി. കൃഷ്ണ, അനീഷ് എം. മാത്യു, വിജയ് കെ. ബേബി എന്നിവർ സംസാരിച്ചു.

J.C. FLOWERS ASSET RECONSTRUCTION

ജെ.സി. ഫ്ലവേഴ്സ് അസറ്റ് റികൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്
രജിസ്റ്റേർഡ് ഓഫീസ്: 203-206, രണ്ടാം നില, വിങ് എ, ഇൻസ്പയർ ബി.കെ.സി, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400 051, സി.ഐ.എൻ: U74999MH2015PTC264081 | +91 22 625 80 400

സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് (സർഫാസി) ആക്ട്, 2002, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ ചട്ടം 8(6), 9(1) എന്നിവ പ്രകാരം സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്

പൊതുജനങ്ങൾക്കും, പ്രത്യേകിച്ചും കോളം (i)-ൽ പറയുന്ന വായ്പക്കാർക്കും (Borrower) സഹ-വായ്പക്കാർക്കും (Co-Borrower) ഇതിനാൽ നോട്ടീസ് നൽകുന്നു. ജെ.സി. ഫ്ലവേഴ്സ് അസറ്റ് റികൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, ജെ.സി.എഫ് യെസ് ട്രസ്റ്റ് 2022-23/22-ന്റെ ട്രസ്റ്റി എന്ന നിലയിൽ (സെക്യൂർഡ് ക്രെഡിറ്റർ), കോളം (ii)-ൽ വിവരിക്കുന്ന ഈടുനൽകിയ സ്ഥാവര വസ്തുക്കളുടെ ഫിസിക്കൽ കൈവശാവകാശം സെക്യൂർഡ് ക്രെഡിറ്ററുടെ അംഗീകൃത ഉദ്യോഗസ്ഥൻ ഏറ്റെടുത്തിട്ടുള്ളതാണ്. താഴെ വിവരിക്കുന്ന പ്രകാരം **2026 സെപ്റ്റംബർ 02-ന്** (ഉച്ചയ്ക്ക് 2:00 മുതൽ വൈകുന്നേരം 5:00 വരെ), 'ഇരിക്കുന്നതുപോലെ', 'എന്താണോ അതുപോലെ' , 'എന്തൊക്കെയാണോ ഉള്ളത് അതുപോലെ' 'തിരിച്ചെടുക്കൽ അവകാശമില്ലാതെ'എന്നീ അടിസ്ഥാനത്തിൽ വസ്തുക്കൾ വിൽക്കുന്നതാണ്. www.bankeauctions.com എന്ന വെബ് പോർട്ടൽ വഴി ലേലം 'ഓൺലൈൻ' ആയി നടത്തുന്നതാണ്. വായ്പക്കാരിൽ നിന്നും സഹ-വായ്പക്കാരിൽ നിന്നും സെക്യൂർഡ് ക്രെഡിറ്റർക്ക് ലഭിക്കാനുള്ള തുക ഈടാക്കുന്നതിനാണ് ഈ ലേലം.

വായ്പക്കാരന്റെ & സഹ-വായ്പക്കാരന്റെ പേര്	
വായ്പ്പക്കാരൻ/ ജാമ്യക്കാരൻ/ പണയക്കാരൻ 1. കൃഷ്ണ & കമ്പനി, പങ്കാളികൾ പ്രതിനിധീകരിക്കുന്ന പങ്കാളിത്ത സ്ഥാപനം: a. കൃഷ്ണകുമാർ കെ. ഭമ്മർ, b. വിറൽ കെ. ഭമ്മർ (വായ്പക്കാരൻ)	
2. കൃഷ്ണകുമാർ കെ. ഭമ്മർ, പിതാവ് കാക്കുഭായ് സി. ഭമ്മർ	
3. വിറൽ കെ. ഭമ്മർ, പിതാവ് കൃഷ്ണകുമാർ കെ. ഭമ്മർ	
4. വർഷ കെ. ഭമ്മർ, പിതാവ് കൃഷ്ണകുമാർ കെ. ഭമ്മർ ജാമ്യക്കാരൻ/ പണയക്കാരൻ	
സെക്യേർഡ് അസറ്റിന്റെ വിശദാംശങ്ങൾ	
വസ്തുവിന്റെ അവകാശി: വർഷ കെ. ഭമ്മർ, എറണാകുളം ജില്ല യിൽ പനങ്ങാട് കുമ്പളം പ്രദേശത്ത് എൻഎച്ച് ബൈപാസ് റോ ഡിൽ സ്ഥിതി ചെയ്യുന്ന റീ സർവേ നമ്പർ 201/7 ൽ ബ്ലോക്ക് നമ്പർ 15 ൽ ഉൾപ്പെട്ട X111/426, 427, 428, 429 എന്നീ ഡോർ നമ്പറു കൾ ഉള്ളതുമായ 14,580 ചതുര ശ്ര അടി വിസ്തീർണമുള്ള വാണി ജ്യ കെട്ടിടം ഉൾപ്പെടുന്ന 59.70 സെന്റ് സ്ഥലത്തെ മുഴുവൻ വസ്തുവകകളും സഹിതം. എറണാകുളം (കൊച്ചി), കേരള.	
റിസർവ് തുക (രൂപയിൽ)	ഇഎംഡി (റിസർവ് തുകയുടെ 10%) (രൂപയിൽ)
Rs. 7,83,00,000	Rs. 78,30,000

ജൂൺ 1, 2020 മുതലുള്ള പലിശയും ചെലവുകളും ചേർത്ത് , സർഫായി ആക്റ്റ് 2002 പ്രകാരമുള്ള ജൂൺ 15 2020 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശിക തുക: 21,22,21,682.59(ഇരുപത്തി ഒന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തൊന്നായിരത്തി അറുന്നൂറ്റി എൺപത്തിരണ്ട് രൂപ അൻപത്തൊൻപത് പൈസ)

സെക്യൂർഡ് ക്രെഡിറ്ററുടെ അറിവിൽ, സെക്യൂർഡ് ക്രെഡിറ്ററുടേതല്ലാത്ത മറ്റ് ബാധ്യതകളൊന്നും ഈ സെക്യൂർഡ് ആസ്തികളിലില്ല. എന്നിരുന്നാലും, വായ്പക്കാരും ഗ്യാരന്റർമാരും എറണാകുളത്തെ ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ-1-ൽ എസ്.എ നമ്പർ 11/2021 എന്ന പേരിൽ ഒരു സെക്യൂരിറ്റൈസേഷൻ അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്, അത് നിലവിൽ തീർപ്പാകാനുണ്ട്. മേൽപ്പറഞ്ഞ നടപടികളിൽ യാതൊരു സ്റ്റേയും അനുവദിച്ചിട്ടില്ല.

താൽപര്യമുള്ള ലേലക്കാർ ലേലം സമർപ്പിക്കുന്നതിന് മുൻപ് സെക്യൂർഡ് ആസ്തിയെക്കുറിച്ച് സ്വന്തം നിലയിൽ പരിശോധനകൾ നടത്തേണ്ടതാണ്. സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2022-ലെ ചട്ടം 8(6) പ്രകാരം വായ്പക്കാർ/സഹ-വായ്പക്കാർ/ഗ്യാരന്റർമാർ/മോർട്ട്ഗേജർമാർ എന്നിവർക്കുള്ള പതിനഞ്ച് ദിവസത്തെ നോട്ടീസ് കൂടിയാണിത്. ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ ഉണ്ടായാൽ, ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച വിൽപന അറിയിപ്പാണ് അന്തിമമായി കണക്കാക്കുക എന്ന് ദയവായി ശ്രദ്ധിക്കുക. വിൽപനയുടെ വിശദമായ നിബന്ധനകളും വ്യവസ്ഥകളും ലേല രേഖകളും അറിയുന്നതിന് www.jcfarc.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ലേലത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, താൽപര്യമുള്ളവർ പ്രവൃത്തിദിവസങ്ങളിൽ അംഗീകൃത ഉദ്യോഗസ്ഥൻ മിസ്റ്റർ ഭവ്യ ഉദാനിയെ bhavya.udani@jcfarc.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ മിസ്റ്റർ ഭവ്യ ഉദാനി (bhavya.udani@jcfarc.com) / ആശിഷ് കുമാർ (ashish.kumar@jcfarc.com) എന്നിവരുമായി ബന്ധപ്പെടുക.

ഒപ്പ്/-
അംഗീകൃത ഉദ്യോഗസ്ഥൻ
തീയതി: 2026 ഓഗസ്റ്റ് 20 ജെ.സി. ഫ്ലവേഴ്സ് അസറ്റ് റികൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്
സ്ഥലം: മുംബൈ ജെ.സി.എഫ് യെസ് ട്രസ്റ്റ് 2022-23/22-ന്റെ ട്രസ്റ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നു.

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No.225 RNI No. KERMAL/ 2009/ 29279, Printed at Ideal Printers, Chalikkavattom, Vennala PO, Kochi-682028 and Published from Vaartha News Network Pvt. Ltd, 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: ekmbureau@metrovaartha.com, info@metrovaartha.com

ONLINE BID DOCUMENT

(to be filled online in website https://www.bankeauctions.com)

In the matter of M/s Krishna and Company:

1. Name(s) of the Offer/Bidder: _____
2. Constitution of the Offer /Bidder: _____
3. Postal address of the Offer/ Bidder: _____
4. Telephone Nos. (M) _____
5. E-Mail Id: _____
6. Bank account details to which refund is to be sent
    a. Name of Account Holder: _____
    b. Bank Account No.: _____
    c. IFSC Code No.: _____
    d. Bank and Branch Name: _____
7. PAN: _____
8. Aadhaar: _____
9. EMD Remittance details
    a. Date of remittance: _____
    b. Name of Bank: _____
    c. Branch Name: _____
    d. Bank Account No.: _____
    e. IFSC Code No.: _____
    f. UTR No.: _____

OR

    g. Demand Draft No and date: _____
    h. Name of issuing Bank: _____

10. Document of proof of identity (tick whichever is being attached)

    Driving License: Issue Date: _____, Number: _____
    PAN: _____
    Voter Identity Card: _____
    Passport: Issue Date _____, Number _____
    Certificate of incorporation: Issue Date _____, Number _____
    Partnership Agreement date: _____

11. Sr. No. Bided for:
    Price Offered: Rs. _____ (Amount in figures)
    Rs. _____ (Amount in words)

The Online bids shall be submitted in website https://www.bankeauctions.com

[*To be printed on non-judicial stamp paper of INR 500 and to be duly notarized*]

DECLARATION

I, _____, son/daughter of_____, aged about_____ years, and having Aadhaar/Passport number _____, residing at _____ ("Prospective Buyer") do solemnly affirm and state to J.C. Flowers Asset Reconstruction Private Limited ("JCF ARC"):

1. That I am duly authorized and competent to make and affirm the instant Declaration.

2. I hereby unconditionally state, submit and confirm that the Prospective Buyer is not disqualified under Section 29A of the Insolvency and Bankruptcy Code, 2016 ("**Code**").

3. I hereby state, submit and declare that neither the (i) Prospective Buyer nor (ii) any person acting jointly or in concert with the Prospective Buyer nor (iii) any person who is a connected person (as defined, understood and interpreted under the provisions of the Code) of the Prospective Buyer or any person acting jointly or in concert with the Prospective Buyer):

   (a) is an undischarged insolvent;

   (b) is a wilful defaulter in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949;

   (c) is at the time of the submission of this Declaration, a person who, (i) has an account which has been classified as non-performing asset in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949 or the guidelines of a financial sector regulator issued under any other law for the time being in force, or (ii) controls or manages or is the promoter of a company whose account has been, classified as non-performing asset in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949 or the guidelines of a financial sector regulator issued under any other law for the time being in force;

   (d) has been convicted for any offence punishable with imprisonment -

      (i) for two years or more under any statute specified under the Twelfth Schedule of the Code and two years have not passed from the date of release from such imprisonment; or

      (ii) for seven years or more under any law for the time being in force and two years have not passed from the date of release from such imprisonment.

      Provided further that this point (d) shall not apply in relation to a connected person referred to in clause (iii) of Explanation I of Section 29A(j) of the Code.

   (e) has been disqualified to act as a director under Companies Act, 2013;

      Provided further that this point (e) shall not apply in relation to a connected

person referred to in clause (iii) of Explanation I of Section 29A(j) of the Code.

(f) is prohibited from trading in securities or accessing the securities markets;

(g) has been a promoter or in the management of or control of a company in which any preferential transaction or undervalued transaction or extortionate credit transaction or fraudulent transaction has taken place and in respect of which an order has been made by the Hon'ble National Company Law Tribunal (or its appellate tribunal / court) under the Code (other than a preferential transaction, undervalued transaction, extortionate credit transaction or fraudulent transaction which has taken place prior to the acquisition of the corporate debtor by the Prospective Buyer pursuant to a resolution plan approved under the Code or pursuant to a scheme or plan approved by a financial sector regulator or a court, and the Investor has not otherwise contributed to the preferential transaction, undervalued transaction, extortionate credit transaction or fraudulent transaction);

(h) has executed a guarantee in favour of a creditor, in respect of a corporate debtor against which an application for insolvency resolution made by such creditor has been admitted under the Code where such guarantee has been invoked by the creditor and remains unpaid in full or part; and

(i) is subject to any disability, corresponding to clauses (a) to (h) above, under any law in a jurisdiction outside India.

(j) has a connected person not eligible under clause (a) to (i) above.

4. I further declare as under:

(a) That the Prospective Buyer unconditionally and irrevocably undertakes that it shall provide all data, documents and information as may be required to verify the statements made under this Declaration.

(b) That in the event any of the above statement are found to be untrue, incomplete, or incorrect, then the Prospective Buyer unconditionally agrees to indemnify and hold harmless JCF ARC against any losses, claims or damages incurred on account of ineligibility of the Prospective Buyer.

(c) I declare and undertake that in case Prospective Buyer or the person acting jointly with it or any of the connected person(s) becomes ineligible at any stage during the sale process, it would inform the Authorised officer of JCF ARC forthwith on becoming ineligible.

(d) I also undertake that in case Prospective Buyer or the person acting jointly with it or any of the connected person(s) becomes ineligible at any time during / the after the date hereof and process for sale of Asset of the company including after submission of Earnest Money Deposit towards bid, and fails to inform the Authorised officer of JCF ARC regarding the same, then the EMD would be forfeited and the same would be deposited in the account of JCF ARC.

(e) All terms used herein, which are defined under the Code or the terms and

conditions of the sale and/or the bid document (commenced pursuant to advertisement dated _____) and its subsequent amendments and addendums if any, shall have the respective meanings ascribed to such terms thereunder as the context may require or admit.

(f) That this undertaking shall be governed in accordance with the laws of India and the courts of Mumbai shall have the exclusive jurisdiction over any dispute arising under this undertaking.

Date: _____

Signed and Delivered by

_____

Prospective Buyer

[*To be printed on non-judicial stamp paper of INR 500 and to be duly notarized*]

DECLARATION

I, _____, son/daughter of_____, aged about_____ years, and having Aadhaar/Passport number _____, acting as an authorized representative of _____ having its registered office at _____ ("Prospective Buyer") do solemnly affirm and state to J.C. Flowers Asset Reconstruction Private Limited ("JCF ARC"):

1. That I am duly authorized and competent to make and affirm the instant Declaration in terms of authorization / Board Resolution dated _____.

2. I hereby unconditionally state, submit and confirm that the Prospective Buyer is not disqualified under Section 29A of the Insolvency and Bankruptcy Code, 2016 ("**Code**").

3. I hereby state, submit and declare that neither the (i) Prospective Buyer nor (ii) any person acting jointly or in concert with the Prospective Buyer nor (iii) any person who is a connected person (as defined, understood and interpreted under the provisions of the Code) of the Prospective Buyer or any person acting jointly or in concert with the Prospective Buyer):

   (a) is an undischarged insolvent;

   (b) is a wilful defaulter in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949;

   (c) is at the time of the submission of this Declaration, a person who, (i) has an account which has been classified as non-performing asset in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949 or the guidelines of a financial sector regulator issued under any other law for the time being in force, or (ii) controls or manages or is the promoter of a company whose account has been, classified as non-performing asset in accordance with the guidelines of the Reserve Bank of India issued under the Banking Regulation Act, 1949 or the guidelines of a financial sector regulator issued under any other law for the time being in force;

   (d) has been convicted for any offence punishable with imprisonment -

      (i) for two years or more under any statute specified under the Twelfth Schedule of the Code and two years have not passed from the date of release from such imprisonment; or

      (ii) for seven years or more under any law for the time being in force and two years have not passed from the date of release from such imprisonment.

      Provided further that this point (d) shall not apply in relation to a connected person referred to in clause (iii) of Explanation I of Section 29A(j) of the Code.

   (e) has been disqualified to act as a director under Companies Act, 2013;

Provided further that this point (e) shall not apply in relation to a connected person referred to in clause (iii) of Explanation I of Section 29A(j) of the Code.

(f) is prohibited from trading in securities or accessing the securities markets;

(g) has been a promoter or in the management of or control of a company in which any preferential transaction or undervalued transaction or extortionate credit transaction or fraudulent transaction has taken place and in respect of which an order has been made by the Hon'ble National Company Law Tribunal (or its appellate tribunal / court) under the Code (other than a preferential transaction, undervalued transaction, extortionate credit transaction or fraudulent transaction which has taken place prior to the acquisition of the corporate debtor by the Prospective Buyer pursuant to a resolution plan approved under the Code or pursuant to a scheme or plan approved by a financial sector regulator or a court, and the Investor has not otherwise contributed to the preferential transaction, undervalued transaction, extortionate credit transaction or fraudulent transaction);

(h) has executed a guarantee in favour of a creditor, in respect of a corporate debtor against which an application for insolvency resolution made by such creditor has been admitted under the Code where such guarantee has been invoked by the creditor and remains unpaid in full or part; and

(i) is subject to any disability, corresponding to clauses (a) to (h) above, under any law in a jurisdiction outside India.

(j) has a connected person not eligible under clause (a) to (i) above

4. I further declare as under:

(a) That the Prospective Buyer unconditionally and irrevocably undertakes that it shall provide all data, documents and information as may be required to verify the statements made under this Declaration.

(b) That in the event any of the above statement are found to be untrue, incomplete, or incorrect, then the Prospective Buyer unconditionally agrees to indemnify and hold harmless JCF ARC against any losses, claims or damages incurred on account of ineligibility of the Prospective Buyer.

(c) I declare and undertake that in case Prospective Buyer or the person acting jointly with it or any of the connected person(s) becomes ineligible at any stage during the sale process, it would inform the Authorised officer of JCF ARC forthwith on becoming ineligible.

(d) I also undertake that in case Prospective Buyer or the person acting jointly with it or any of the connected person(s) becomes ineligible at any time during / the after the date hereof and process for sale of Asset of the company including after submission of Earnest Money Deposit towards bid, and fails to inform the Authorised officer of JCF ARC regarding the same, then the EMD would be forfeited and the same would be deposited in the account of JCF ARC.

(e) All terms used herein, which are defined under the Code or the terms and conditions of the sale and/or the bid document (commenced pursuant to advertisement dated _____) and its subsequent amendments and addendums if any, shall have the respective meanings ascribed to such terms thereunder as the context may require or admit.

(f) That this undertaking shall be governed in accordance with the laws of India and the courts of Mumbai shall have the exclusive jurisdiction over any dispute arising under this undertaking.

Date: _____

Signed and Delivered by

_____

Authorised Representative